# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1762 16/06/2014-ൽ മറുപടിയ്ക്ക്**

**<u>മാറാട് മത്സ്യഗ്രാമം പദ്ധതി</u>**

| ചോദ്യം<br>ശ്രീ. എളമരം കരീം: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) മാറാട് മത്സ്യഗ്രാമം പദ്ധതി ഏത് ഘട്ടത്തിലാണ്; | (എ) മാറാട് മത്സ്യഗ്രാമം പദ്ധതിയിൽ 59 മത്സ്യത്തൊഴിലാളികൾക്ക് 2.5 ലക്ഷം രൂപ വീതം വീട് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും 57 പേർ വീടു നിർമ്മാണം പൂർത്തീകരിക്കുകയും 2 പേർ നിർമ്മാണത്തിന്റെ അവസാനഘട്ടത്തിലുമാകുന്നു. ഈ പദ്ധതി പ്രകാരം ആകെ 145.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മാതൃകാ മത്സ്യഗ്രാമ പദ്ധതിലുൾപ്പെടുത്തി മാറാട് മത്സ്യഗ്രാമത്തിൽ 70.00 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 7.00 ലക്ഷം രൂപയുടെ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നിവയും മാറാട്, ബേപ്പൂർ മത്സ്യഗ്രാമങ്ങളിലായി 26.00 ലക്ഷം രൂപയുടെ വൈദ്യുതീകരണം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിൽ ശുപാർശ ചെയ്ത പ്രവൃത്തികൾ നടപ്പാക്കാൻ കാലതാമസം വരുന്നത് എന്ത്കൊണ്ടാണ്; | (ബി) ജപ്പാൻ കുടിവെള്ള പദ്ധതി മാറാട് മത്സ്യഗ്രാമത്തിൽ നടപ്പിലാക്കി വരുന്നതിനാൽ അതിന്റെ ഭാഗമായി മാത്രമേ പ്രസ്തുത കുടിവെള്ള പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയുള്ളുവെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. അതിനാൽ പദ്ധതി നടപ്പാക്കാൻ കാലതാമസം നേരിടുന്നു. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. വൈദ്യുതീകരണത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി കരാർ ഒപ്പുവയ്ക്കുകയും ഫണ്ട് കൈമാറുകയും ചെയ്തുകഴിഞ്ഞു. |
| (സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ ? | (സി) ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് 6 മാസത്തിനകം പൂർത്തിയാകും. കുടിവെള്ള പദ്ധതി മറ്റ് പദ്ധതികളുമായി ബന്ധപ്പെട്ട് കിടക്കുന്നതിനാൽ അതിനനുസൃതമായി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ആഫീസർ